7. 05.50 കിളിമാന്നൂർ-വെമ്പായം-തിരുവനന്തപുരം

8. 06.50 കിളിമാന്നൂർ-ചടയമംഗലം-കൊട്ടാരക്കര

9. 09.00 കിളിമാന്നൂർ-വെമ്പായം-തിരുവനന്തപുരം

10. 06.30 കിളിമാന്നൂർ-വെമ്പായം-തിരുവനന്തപുരം

11. 06.15 കിളിമാന്നൂർ-വെമ്പായം-തിരുവനന്തപുരം

12. 06.10 കിളിമാന്നൂർ-ചടയമംഗലം-കൊട്ടാരക്കര

13. 06.15 കിളിമാന്നൂർ-മടത്തറ

14. 07.00 കിളിമാന്നൂർ-വെമ്പായം-തിരുവനന്തപുരം

15. 05.40 കിളിമാന്നൂർ-ചടയമംഗലം-അഞ്ചൽ-പുനലൂർ

16. 11.25 കിളിമാന്നൂർ-നിലമേൽ-കടയ്ക്കൽ

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കിളിമാന്നൂർ ഡിപ്പോയിലെ എല്ലാ സർവ്വീസു കളിലും സമയവിവരം രേഖപ്പെടുത്തിയിട്ടുണ്ട്. സർവ്വീസുകൾ പരമാവധി കൃത്യ സമയത്തുതന്നെ നടത്തുന്നതിന് പ്രാധാന്യം കൊടുത്തുവരുന്നു.

കൊട്ടാരക്കര-പാരിപ്പള്ളി റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ്

319 (3141) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര-പാരിപ്പള്ളി റൂട്ടിൽ കെ.എസ്.ആർ.ടി.സി. വേണാട് സർവ്വീസ് ആരംഭിച്ചത് എന്നാണ് ;

(ബി) ദിനംപ്രതി എത്ര സർവ്വീസുകൾ പ്രസ്തുത റൂട്ടിൽ നടത്തിവരുന്നു ;

(സി) ഓരോ സർവ്വീസുകളുടെയും ശരാശരി പ്രതിദിന വരുമാനം എത്രയാണ് ;

(ഡി) പ്രസ്തുത സർവ്വീസുകളുടെ കാര്യക്ഷമതയ്ക്കും പ്രതിദിന വരുമാന വർദ്ധന വിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-3-2015 മുതൽ.

(ബി) കൊട്ടാരക്കര, ചാത്തന്നൂർ എന്നീ യൂണിറ്റുകളിൽനിന്നും 5 വീതം ചെയിൻ സർവ്വീസുകളാണ് ഈ റൂട്ടിൽ ഇപ്പോൾ നടത്തിവരുന്നത്.

(സി) ശരാശരി പ്രതിദിന വരുമാനം 9,000 രൂപയാണ്.

(ഡി) പ്രതിദിന വരുമാനത്തിൽ കുറവ് വരുന്നതനുസരിച്ച് വരുമാന വർദ്ധന വിനായി ജീവനക്കാർക്ക് കൗൺസിലിംഗ് നൽകിവരുന്നുണ്ട്.

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ നടപടി

320 (3142) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണമെന്നും കൂടുതൽ വാഹനം നൽകി നിലവിലുള്ള സർവ്വീസുകൾ കാര്യക്ഷമമാക്കണമെന്നും ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോയെന്നും വെളിപ്പെടുത്തുമോ ;

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തമൂലം പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നത് പരിഗണിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ എത്ര സർവ്വീസുകളാണ് ഇവിടെനിന്നും ഓപ്പറേറ്റ് ചെയ്യുന്നതെന്നും ഈ ആവശ്യത്തിലേക്കായി എത്ര വാഹനങ്ങളാണ് ഇപ്പോഴുള്ളതെന്നും അറിയിക്കുമോ ;

(ഡി) വാഹനങ്ങളുടെ കുറവ് പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) നിവേദനം ലഭിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly